and administration of which is governed by a separate statute, the City Municipal Act, makes no provision for such exemption. Provision for exemptien of the educational institution in the city was not incorporated in the Act for the reasons that the Corporation is invested with wider and more comprehensive powers than the Municipalities, and the duties devolving on the Corporation are consequently more onerous and that every source of revenue had to be tapped for the proper fulfilment of these duties. In the Corporation area where the educational institutions centralise, being the seat of a university, the revenues derived from Property tax are substantial being Rs. 28,688 while the revenues in the Municipalities will be low, almost negligible in the case of the minor municipalities, in case such tax were leviable in the Municipalities.

വിദ്യാലയങ്ങളിൽനിന്നും നികുതി

*ഫ ഫ ഫ൩. (൩൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം കാർപ്പറേഷൻ അതിർത്തിയിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും നികുതി പിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എന്നു മുതലാണ് ഈ നികുതി പിരിക്കുവാൻ തുടങ്ങിയത്.

(സി) ഈയിനത്തിൽ കാർപ്പറേഷനു എത്ര സംഖ്യ പ്രതിവർഷം പിരിഞ്ഞുകിട്ടുന്നുണ്ട്;

(ഡി) തിരുവനന്തപുരത്തല്ലാതെ സംസ്ഥാനത്തിലെ ഏതെങ്കിലും പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇപ്രകാരം നികുതി പിരിക്കുന്നുണ്ടോ;

(ഇ) ഗവൺമെണ്ടിൽനിന്നും പറയത്തക്ക യാതൊരു സഹായധനവും ലഭിക്കാതെ സാമ്പത്തികമായി വളരെ വിഷമിക്കുന്ന ഈ സ്ഥാപനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ കാർപ്പറേഷനോ ഗവൺമെണ്ടിനോ ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു പറയുവാൻ ദയവുണ്ടാകുമോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) ഉണ്ട്.

(ബി) യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെണ്ടു വിദ്യാലയങ്ങൾ, പ്രൈവറ്റ് മാനേജ്മെൻറിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും നികുതി പിരിക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയുടേയും ഗവൺമെണ്ടിന്റെയും സ്ഥാപനങ്ങളിൽനിന്നും ഫ ഫ ൽ മുതലും പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നു ഫ ഫ ഫ മുതലും നികുതി ഈടാക്കുന്നു.

(സി) ഫ വ്യ,ന്യ വ്യ ഉറപ്പില്ല.

(ഡി) ഇല്ല.

(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്) കാർപ്പറേഷനു ലഭിച്ച നിവേദനങ്ങളിൽ, ഈ സ്ഥാപനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കാൻ പാടില്ല എന്നു കാർപ്പറേഷൻ കൌൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. ഗവണ്മെണ്ടിനു ലഭിച്ച നിവേദനങ്ങൾ ഗവണ്മെണ്ടിന്റെ പരിഗണനയിലിരിക്കയാണു്.

പട്ടികജാതി വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻറ്

*൧൧൧൪. (൭൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു തിരുവിതാംകൂർ വിദ്യാഭ്യാസത്തുപഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ എത്രപേർക്കു മിഡിൽസ്കൂളിലും ഹൈസ്കൂളിലും സ്റ്റൈപ്പൻറ് കൊടുത്തു;

(ബി) ഇനി ആർക്കെങ്കിലും കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ കൊടുക്കാതിരിക്കുന്നതിനുള്ളകാരണം?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) :

(എ) ൫൩ സ്കൂളിലെ വിദ്യാർത്ഥികൾക്കു്.

(ബി) ഉണ്ടു്. ആദ്യം അനുവദിച്ചതുക തീർന്നുപോയതിനാൽ വീണ്ടും കൂടുതലായി തുക അനുവദിക്കേണ്ടിവന്നു. ഇതിലേക്കു അല്പം കാലതാമസം നേരിട്ടിട്ടുണ്ടു്. എന്നാൽ സ്റ്റൈപ്പൻറ് എല്ലാവർക്കും കൊടുക്കുന്നകാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കുന്നുണ്ടു്.

HARIJAN STUDENTS

*1115. [83] **Sry. Devaki Gopidas:** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) how many Harijan students are now studying in the various Colleges of the Travancore-Cochin State ;

(*b*) what arrangements are made by Government for their hostel accommodation ; and

(*c*) what are the financial and other help rendered to them by the Government for the prosecution fo their studies ?

Minister for Industrtes, Excise & Local Self-Government **(Sri. N. Kunjuraman) :**

(*a*), (*b*) & (*c*) The Hon'ble member is referred to the answer given to her earlier interpellation No. 69 which is the same as this.

കോളനികൾ

*൧൧൧൫. (൭൬) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോളനികൾ അനുവദിച്ചു കിട്ടേണ്ടതിനെ സംബന്ധിച്ചു് ഫസ്റ്റ് ക്ലാസ് പിന്നോക്കസമുദായങ്ങളിൽനിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടു്;

(ബി) എതെല്ലാം പ്രദേശങ്ങളിൽ നിന്നാണു് അപേക്ഷകൾ കിട്ടിയിട്ടുള്ളതു്;

(സി) എവിടെയെങ്കിലും കോളനി അനുവദിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly